പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2383 18.07.2011 - ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിലെ നിക്ഷേപ വളർച്ച

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എം.ഹംസ** | **ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപ വളർച്ച സാധ്യമാക്കുന്നതിനായി 2006 ജൂൺ 1-ാം തീയതി മുതൽ 2011 മാർച്ച് 31-ാം തീയതി വരെ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ, നിക്ഷേപത്തിന്റെ വളർച്ച വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ, | (എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ നിക്ഷേപ വളർച്ച സാധ്യമാക്കുന്നതിനായി 2006 ജൂൺ 1-നും 2011 മാർച്ച് 31-നും ഇടയിൽ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിരുന്നു. കേരള പിറവിയുടെ സുവർണ്ണ ജൂബിലി പ്രമാണിച്ച് 2006 നവംബർ മാസം 1 മുതൽ 2007 ജനുവരി 31 വരെ 'സഹകരണ നിക്ഷേപം കേരളീയം' എന്ന പേരിൽ ഒരു നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിക്കുകയുണ്ടായി. ഇതിനു പുറമെ 12-ാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 2007 ജൂലൈ 4 ന് സഹകരണ വകുപ്പിന്റെ ധനാഭ്യർത്ഥനയിൽ പ്രഖ്യാപിച്ച 'സഹകരണ നവരത്നം കേരളീയം' എന്ന ഒമ്പതിന കർമ്മ പരിപാടിയുടെ ഭാഗമായി കേരളപ്പിറവിയുമായി ബന്ധപ്പെടുത്തി എല്ലാ വർഷവും നവംബർ മാസത്തിൽ സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണ മാസമായി ആചരിക്കുകയും നിക്ഷേപ സമാഹരണത്തിനായി 'സഹകരണ നിക്ഷേപം കേരളീയം' എന്ന ക്യാമ്പയിൻ സംഘടിപ്പിച്ചും വന്നിരുന്നു. ഇതിൻ പ്രകാരം 2007, 2008, 2009, 2010 നവംബർ മാസങ്ങളിൽ ഇപ്രകാരം ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 1976 ൽ ആരംഭിക്കുകയും ഇതുവരെ 32 നിക്ഷേപ സമാഹരണ യജ്ഞങ്ങൾ പിന്നിടുകയും ചെയ്ത സഹകരണ നിക്ഷേപ സമാഹരണ യജ്ഞം എല്ലാ മാർച്ച് മാസത്തിലും സംഘടിപ്പിക്കാറുണ്ട്. ഇതിൻ പ്രകാരം 2007, 2008, |

2009, 2010, 2011 മാർച്ച് മാസങ്ങളിൽ

[illegible]നാവശ്യമായ നിർദ്ദേശങ്ങളും സഹകരണ മേഖലയിൽ സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നിരക്കും നിശ്ചയിച്ച് നൽകുകയുണ്ടായി. മുതിർന്ന പൗരന്മാരുടെ നിക്ഷേപങ്ങൾക്ക് എല്ലാ കാലഘട്ടത്തിലും അര ശതമാനം പലിശ നിരക്ക് അധികം നൽകുകയുണ്ടായി. നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ ഏറ്റവും കൂടുതൽ അധിക നിക്ഷേപം സമാഹരിക്കുന്ന ജില്ലകൾക്കും സ്ഥാപനങ്ങൾക്കും ട്രോഫികൾ ഏർപ്പെടുത്തുകയുണ്ടായി.

നിക്ഷേപത്തിന്റെ വളർച്ച വാർഷികാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

18.5.2006 ന് 20287.23 കോടി
31.3.2007 ന് 28754.60 കോടി
31.3.2008 ന് 37641.99 കോടി
31.3.2009 ന് 48075.08 കോടി
31.3.2010 ന് 61134.16 കോടി
31.3.2011 ന് 68388.96 കോടി

| | |
|---|---|
| (ബി) 30.4.2006 ൽ സഹകരണ മേഖലയിലെ മൊത്തം നിക്ഷേപം എത്രയായിരുന്നു, | (ബി) 30.4.2006 ലെ കണക്ക് പ്രകാരം സഹകരണ മേഖലയിലെ നിക്ഷേപ ബാക്കി നിൽപ്പ് 20603.57 കോടി രൂപയായിരുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) 30.4.2011 ലെ സഹകരണ മേഖലയിലെ മൊത്തം നിക്ഷേപം എത്രയെന്ന് വ്യക്തമാക്കാമോ? | (സി) 2011 മാർച്ച് മാസം 1-ാം തീയതി ആരംഭിച്ച 32-ാം നിക്ഷേപ സമാഹരണ യജ്ഞം സമാപിച്ച 16.4.2011 ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപ ബാക്കി നിൽപ് 68084.70 കോടി രൂപയാണ്. |

(signature)

സെക്ഷൻ ഓഫീസർ